**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6540** **11-11-2021 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കീടനാശിനി സാന്നിദ്ധ്യമുള്ള പച്ചക്കറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ അളവ് കൂടുതൽ ഉണ്ടാകുന്ന സാഹചര്യത്തിൽ ഇത്തരം പച്ചക്കറികൾ കണ്ടെത്താനും ഉപയോഗം കുറയ്ക്കാനും കഴിയുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | ഇതരസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ പൊതു വിപണിയിൽ ലഭ്യമാകുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം, സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala,gov.in ലും, കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. അതുവഴി മാരകമായ കീടനാശിനികളെ സംബന്ധിച്ച അവബോധം കർഷകർക്കും പൊതു ജനങ്ങൾക്കും നൽകുന്നതിന് ഒരു പരിധി വരെ സഹായമാവുകയും ചെയ്തിട്ടുണ്ട്. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായമാകുകയും അന്യസംസ്ഥാനത്തു നിന്നും എത്തുന്ന പച്ചക്കറിയുടെ ഉപഭോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള മറ്റ് ലബോറട്ടറികൾ വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജിലും, പടന്നക്കാട് കാർഷിക കോളേജിലും, ആർ.എ.ആർ.എസ്. കുമരകത്തും പ്രവർത്തിക്കുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ അളവ് കൂടുതൽ ഉണ്ടാകുന്ന സാഹചര്യത്തിൽ കൃഷി വകുപ്പിന് കീഴിലെ ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ജൈവകീടനാശിനികളുടേയും ജൈവ വളങ്ങളുടേയും ഉൽപാദനം വർദ്ധിപ്പിക്കൽ, സംയോജിത കീടനിയന്ത്രണം |

| | | | |
|---|---|---|---|
| | | | രാസകീടനാശിനികളുടെ ശാസ്ത്രീയ ഉപയോഗം, മാരക വിഷാംശമുള്ള കീടനാശിനികൾക്ക് പകരം വിഷാംശം കുറവുള്ള പുതുതലമുറ കീടനാശിനികളുടെ പ്രോത്സാഹനം, എന്നിവ ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ ബോധവൽക്കരണ സെമിനാറുകൾ / വർക്ക് ഷോപ്പുകൾ , ക്യാമ്പെയിനുകൾ മുതലായവ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ